DESPATCHED
On 04/06/2020

26/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2978(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.18451/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഹരീഷ്കുമാർ കെ.എൽ.,
അഡ്വക്കേറ്റ്,
റ്റി.ആർ. അശോകൻ അസോസിയേറ്റ്,
ധർമ്മദേശം ലെയിൻ, മള്ളൂർ റോഡ്,
വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം – 35.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം),
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ),
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കേരളാ ട്രേഡ് യൂണിയൻ കോൺഗ്രസ് (KTUC) എന്ന സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ടും, അതിന് അനുബന്ധ മായുള്ളതുമായ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷ യ്ക്കും, ഒന്നാം അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 30.01.2020ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

3. അപ്പീൽ ഹർജിക്കാരൻ വിവരങ്ങൾ തേടിയ KTUC എന്ന യൂണിയൻ രജിസ്ട്രേഡ് ട്രേഡ് യൂണിയനല്ലെന്നും, അതുകൊണ്ടു തന്നെ ആയതിന്റെ ഒരു വിവരവും തന്റെ കാര്യാലയത്തിൽ ഇല്ലെന്നും, ആ സാഹചര്യത്തിലാണ് ടി സംഘടനയുടെ രേഖകളോ മറ്റു വിശദ വിവരങ്ങളോ തന്റെ കാര്യാലയത്തിൽ ലഭ്യമല്ല

എന്ന മറുപടി നൽകിയതെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഇതേ കാര്യം ചൂണ്ടിക്കാട്ടിത്തന്നെയാണ് ഒന്നാം അപ്പീലധികാരിയായ രണ്ടാം എതിർകക്ഷിയും മറുപടി നൽകിയത്.

5. ഇക്കാര്യങ്ങളെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. രജിസ്ട്രേഷൻ ഇല്ലാത്ത ഒരു സംഘടനയുടെ വിവരങ്ങൾ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ഉണ്ടാവുകയില്ല എന്ന് സുവിദിതമായ കാര്യമാണ്. അതുകൊണ്ട്, ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി നിയമപരമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു.

6. അതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 26-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •